**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1138** **18-01-2021 - ൽ മറുപടിയ്ക്ക്**

**ശ്രീകണ്ഠാപുരം-ചെമ്പൻതൊട്ടി- നടുവിൽ റോഡിന്റെ ടെൻഡർ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ. സി . ജോസഫ് | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കിഫ്ബി ഏറ്റെടുത്ത ശ്രീകണ്ഠാപുരം - ചെമ്പൻതൊട്ടി - നടുവിൽ റോഡിന്റെ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ശ്രീകണ്ഠാപുരം - ചെമ്പൻതൊട്ടി - നടുവിൽ റോഡിന്റെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി ടെക്നിക്കൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ആയത് സമർപ്പിക്കുവാൻ കേരള റോഡ് ഫണ്ട് ബോർഡിൽ നിന്ന് ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന ഉടൻ ചീഫ് എഞ്ചിനീയർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതും കമ്മിറ്റിയുടെ മിനിട്സ് പ്രകാരം പ്രൈസ് സോഫ്റ്റ്വെയറിൽ സാങ്കേതികാനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്. സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) | എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണെന്നും അതിന് കിഫ്ബി ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും 31.91 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രവൃത്തി ടെൻഡർ ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | സാങ്കേതികാനുമതി എത്രയും പെട്ടെന്ന് ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ